بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 01/05/2015

**(07 RAJAB 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## Injustice and Degradation of Mankind

### മാനവകുലത്തിന്റെ അനീതിയും അധഃപതനവും.

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

ലോകത്തിലെ ചില രാജ്യങ്ങൾ ഇന്ന് മെയ് 1 അന്താരാഷ്ട്ര തൊഴിലാളി ദിനമായി ആഘോഷിക്കുകയാണ്. തൊഴിലാളികളെ അനുസ്മരിക്കുന്ന തൊഴിൽദിനമായി ഫ്രാൻസ്, മൗറീഷ്യസ് ഉൾപ്പടെ ലോകത്തിലെ പ്രധാനപ്പെട്ട പല രാജ്യങ്ങളും ഈ ദിനം സമുചിതമായി ആഘോഷിക്കുന്നു. വർഷങ്ങളായി തൊഴിലാളികൾ അനുഭവിക്കേണ്ടി വന്ന അനീതികൾക്കെതിരെയുള്ള ഒരു ഉണർത്തുപാട്ടായി തൊഴിലാളികൾക്കൊരു അവധിദിനം! പൊതുജനവും വൻശക്തികളും തൊഴിലാളികളുടെ ഭാഗത്ത് നിന്ന് ചിന്തിക്കുവാനും, തൊഴിൽ മേഖലയിൽ അവരുടെ പദവികൾക്കതീതമായി, അവർക്ക് അവകാശപ്പെട്ട അവരുടെ അവകാശങ്ങൾ നൽകുന്നതിനും മറ്റും ചിന്തിക്കുന്നതിനുമായി ഒരവധി ദിനം ! തൊഴിലാളികളുടെ അവകാശങ്ങൾ എല്ലാവരും അംഗീകരിക്കുന്നുവെങ്കിലും, ഈ അവകാശങ്ങൾ തുലോം തുച്ഛമായ നിലയിലെ പരിഗണിക്കപ്പെടുന്നുള്ളൂ എന്നത് ദൗർഭാഗ്യകരവും ഖേദകരവുമാണ്. അധർമ്മമാണ് ഇന്ന്, ശക്തനുവേണ്ടി ഭരണം നടത്തുന്നത്.

അധർമ്മം, മനുഷ്യരിൽ നിന്നും പുറന്തള്ളേണ്ടുന്ന ഏറ്റവും പ്രധാനപ്പെട്ട ഗുണമായി പരിഗണിക്കേണ്ടതാണെങ്കിലും, ലോകത്തിന്റെ മുക്കിലും മൂലയിലും അനീതി വിളയാടുകയാണ്. നാം നമ്മുടെ ദൈനംദിന ജീവിതത്തിൽ കണ്ടുകൊണ്ടിരിക്കുന്നു. ഇതൊരു മോശപ്രവർത്തിയായി നാം കാണുന്നതേയില്ല. എന്നാൽ നല്ല പ്രവർത്തിയായി കാണുകയും ചെയ്യുന്നു. ജനം ഇതിനെ ഗൗരവമായി കാണുന്നില്ല. സാഹചര്യം പൂർണ്ണമായും തലതിരിഞ്ഞിരിക്കുകയാണ്. നമ്മുടെ തീരുമാനങ്ങൾ നിയന്ത്രിക്കേണ്ടത് നീതിയാണ്. പകരം നമ്മുടെ ചിന്താശക്തിയിലും തീരുമാനത്തിലും അനീതി അധികാരം നേടിയിരിക്കുന്നു. അധാർമ്മികമായ തന്റെ പ്രവർത്തിയിൽ മനുഷ്യൻ സന്തോഷഭരിതനായിരിക്കുന്നു. അവനെ കാത്തിരിക്കുന്ന കഠിനതരമായ അനന്തരഫലങ്ങളെക്കുറിച്ച് അവൻ പരിഗണിക്കുന്നതേയില്ല.

മറ്റുള്ളവരോട് അനീതികാട്ടുക എന്നത് പ്രപഞ്ച രക്ഷിതാവ് നിരോധിച്ചിട്ടുള്ളതാണ്. അവൻ സ്വയം അനീതി കാട്ടുന്നവനല്ല. അനീതി വലിയ കുറ്റമാണ്. അത് പല രൂപത്തിൽ പ്രകടമാകുന്നു. തൊഴിൽ മേഖലയിൽ തങ്ങളുടെ തൊഴിലാളികളോട്, സേവകരോട്, ജോലിക്കാരോട്, മുതലാളിമാരുടെ അനീതി, വ്യവസായ സംരംഭകരുടെ അനീതി, കച്ചവടക്കാരുടെ അനീതി ഇതൊന്നും ഒരു രഹസ്യമായ കാര്യമല്ല. എത്രയോ ആയിരം തൊഴിലാളികൾക്കാണ് കുറഞ്ഞ വേതനം നൽകപ്പെടുന്നത് ! അല്ലെങ്കിൽ വേതനം നൽകപ്പെടാതിരിക്കുന്നത് ; അവരുടെ അവകാശങ്ങൾ ഹനിക്കുന്നത് ! എന്നാൽ അവരുടെ മുതലാളിമാർ സുഖലോലുപതയിൽ ആറാടികഴിയുകയാണ്.ഈ പാപങ്ങളുടെ ഹൃദയ രക്തത്തിൽ നിന്നും ! നിയമരംഗത്തും നാം അനീതികാണുന്നു. അധികാരത്തിലിരിക്കുന്നവൻ, തന്നെക്കാൾ താണവന്റെ മേൽ കുറ്റം ആരോപിക്കുകയും, നിയമനടപടികൾക്ക് വിധേയമാക്കുകയും, പ്രതിരോധിക്കാൻ കഴിയാതെ, നിരപരാധി ശിക്ഷയേറ്റു വാങ്ങുകയും ചെയ്യേണ്ടി വരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, അധികാരത്തിലിരിക്കുന്നവന്റെ മേൽ, ദുർബലനായ, അധികാരമില്ലാത്ത ഒരാൾ ഒരു കുറ്റം ആരോപിച്ചാൽ, നിയമത്തെ മറികടന്ന് അധികാരമുള്ളവൻ തന്റെ താൽപ്പര്യമനുസരിച്ച് വിധി സമ്പാദിക്കുന്നു. വലിയ കുറ്റമാണ് അവൻ ചെയ്തതെങ്കിലും, അവൻ നിരപരാധിയായി മാറുന്നു.

നിയമം അവനെ ശിക്ഷിക്കുന്നതിനു പകരം, തന്റെ പദവിയിൽ സ്ഥാനകയറ്റം നൽകുകയും, അഥവാ അവൻ കൂടുതൽ ആനുകൂല്യങ്ങൾ പിടിച്ചെടുക്കുകയും ചെയ്യുന്നു. ഈ പറഞ്ഞ പ്രകാരം മതലോകത്തും അനീതി യുടെ ദൃശ്യങ്ങൾ യാഥാർത്ഥ്യമായിരിക്കുന്നു. മതസ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്ന ഈ ആളുകൾ അമ്പ ലങ്ങളിലും, ചർച്ചുകളിലും, പള്ളികളിലും നൽകപ്പെടുന്ന ധനം കവർന്നെടുത്ത് ഭക്ഷിക്കുകയാണ്. മത സമൂ ഹത്തിന്റെ സംരക്ഷകരെന്ന നിലയിലാണ് ഈ കവർച്ച നടത്തുന്നത്. ദൈവീക അധ്യാപനങ്ങളെ ലംഘിക്കുന്ന ഈ വെറുക്കപ്പെട്ട ജനം മറ്റു മതവിഭാഗങ്ങളെയും ലോകത്തേയും **'വിശ്വസ്തരാണ്'** എന്ന് ധരിപ്പിക്കുവാൻ ശ്രമിക്കുകയാണ്.

ഭരണകൂടം ഭരണീയരുടെമേൽ അനീതികാണിക്കുക എന്നത് ഒരു സാധാരണ സംഭവമായി മാറിയിരി ക്കുന്നു. ലോകത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും പൗരന്മാർ അവരുടെ നേതാക്കന്മാരുടെ തെറ്റായ തീരുമാനങ്ങൾക്കിരയായി തീരുന്നു. അവർ അവരുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും ഹനിക്കു ന്നു. നികുതിദായകരുടെ ചെലവിൽ വിമാന യാത്രകളും, ആഡംബര വിരുന്ന് സൽക്കാരങ്ങളും, നൃത്തവും, പരിധിയില്ലാത്ത വിനോദങ്ങളിലും മുഴുകി കഴിയുന്നു. വിലകൂടിയ കാറുകളിൽ സഞ്ചരിക്കുന്നു. ആഡംബര ഭവനങ്ങളിൽ സുഖജീവിതം നയിക്കുന്നു. എന്നാൽ അവരുടെ ജനത വിശപ്പിലും ദാരിദ്ര്യത്തിലും കഴിയുന്നു. 60നും 100നും ഇടയിൽ ദിവസവരുമാനമുള്ള ദശലക്ഷക്കണക്കിനാളുകൾ ഭൂമുഖത്തുണ്ട്.അവർക്കൊക്കെ കുടുംബവുമുണ്ട്. അവരുടെ ഉത്തരവാദിത്വങ്ങൾ അവർക്കാണ്. എത്ര ദുഃഖകരമാണ് ഈ അവസ്ഥ!

മതമേഖലയിൽ പോലും ഇത് വ്യാപകമായിരിക്കുന്നു. ഞാനെന്റെ തന്നെ അനുഭവം പങ്കുവയ്ക്കുക യാണ്. മൗറീഷ്യസിലെ അഹ്മദിയ്യാ മുസ്ലീം ജമാഅത്തിലെ ഒരു ജോലിക്കാരനായിരുന്നു ഞാൻ. വെളിപാടു കളുടെ അടിസ്ഥാനത്തിൽ, (അതായത് അല്ലാഹുവിൽ നിന്ന് വെളിപാടുകൾ എനിക്ക് ലഭിക്കുന്നു എന്ന വർക്കറിയുവാൻ കഴിഞ്ഞു.) അവർ എന്നെ പ്രസ്തുത സമുദായത്തിൽ നിന്ന് പുറത്താക്കുകയുണ്ടായി. മുൻകൂട്ടി നോട്ടീസ് നൽകാതെ എന്നെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു.(രാജ്യത്തെ നിലവിലുള്ള നിയമപ്ര കാരം) എന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാതെ, (ജീവിതത്തിലുടനീളം നിസ്വാർത്ഥമായ സേവനം നൽകിയ എനിക്ക്) ഒരു തൊഴിലാളിയുടെ ശമ്പളം നൽകാതെ, അവന്റെ അവകാശത്തെ ചവിട്ടിമെതിക്കുന്ന ത്, സമുദായത്തിൽ നിന്ന് പുറത്താക്കുന്നത്, ഇസ്ലാമിക നിയമമാണോ ? എന്റെ വിശ്വാസത്തിൻമേൽ വിധി നിർണ്ണിയിക്കുവാൻ, തെറ്റായ റിപ്പോർട്ട് സമർപ്പിക്കുവാൻ, അപ്പോഴത്തെ ഖലീഫയുടെ മുമ്പിൽ എന്നെ അപ മാനിക്കുവാനും അപകീർത്തിപ്പെടുത്തുവാനും ശ്രമിക്കുകയുണ്ടായി.

ചിലപ്പോൾ വംശീയ അടിസ്ഥാനത്തിൽ ഒരു നേതാവിന്റെ അനീതി പ്രകടമാകാറുണ്ട്. ബർമയിൽ മുസ്ലീംങ്ങളുടെ അവകാശങ്ങളും വ്യക്തിത്വങ്ങളും ഹനിക്കപ്പെട്ടതുപോലെ ! അവരെ ബർമയിലെ ജനത യായി അംഗീകരിക്കുന്നില്ല. മാത്രമല്ല രണ്ടിൽ കൂടുതൽ കുട്ടികൾ പാടില്ല എന്ന നിയന്ത്രണം അവരുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ടു. കുടുംബാസൂത്രണം എന്ന പേരിലാണ് അത് നടപ്പിലാക്കപ്പെട്ടത്. അത് ഇസ്ലാ മിക അദ്ധ്യാപനങ്ങൾക്ക് എതിരാണുതാനും.

മുസ്ലീംങ്ങൾ അവിശ്വാസികളുടെ കരങ്ങളാൽ കൊല ചെയ്യപ്പെടുന്നു. മുസ്ലീം ലോകത്തിലെ സ്ഥിതി യോ ? അവരെ വിവിധ ചേരികളിലായി തിരിച്ചു നിർത്തുന്നു. ദിവസംതോറും അഹ്മദി സഹോദരീ സഹോദ രന്മാരെയും കുഞ്ഞുങ്ങളെയും കുറ്റാരോപിതരാക്കുന്നു. അവർക്ക് ബാങ്ക് വിളിക്കുവാനുള്ള അവകാശമില്ല; മുസ്ലീംങ്ങൾ എന്ന് പറയുവാനും അവകാശമില്ല. ഇറാനിലും മറ്റിതര അയൽരാജ്യങ്ങളിലും സുന്നി വിഭാഗ ത്തിന്റെ പീഢനങ്ങൾ ഷിയാക്കൾ ഏറ്റുവാങ്ങേണ്ടി വരുന്നു. ന്യൂനപക്ഷങ്ങൾ വിശ്വാസത്തിന്റെ പേരിൽ പീഢി പ്പിക്കപ്പെടുന്നു. ഏറ്റവും പ്രയാസമുളവാക്കുന്ന കാര്യം ഇവരെല്ലാവരും ഇസ്ലാമിൽ വിശ്വസിക്കുന്നു എന്ന് പറയുന്നു എന്നതാണ്. എല്ലാവരും **"ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹി"** ൽ വിശ്വസിക്കുന്നു. ഇസ്ലാമിനെ മനസ്സിലാക്കുന്നതിലും പ്രവർത്തി പഥത്തിൽ കൊണ്ടു വരുന്നതിലും അവർ പരാജയപ്പെട്ടിരി ക്കുന്നു. പലസ്തീനികളുടെ കാര്യം നോക്കൂ! അവരുടെ മാതൃരാജ്യത്ത് നിന്ന് അവരെ പുറത്താക്കിയിരിക്കു ന്നു. എല്ലാ ഭാഗത്ത് നിന്നും അവരെ ശത്രുക്കൾ വലയം ചെയ്തിരിക്കുന്നു. അവർ ജയിലിൽ കഴിയുന്നതു

പോലെയാണ് കഴിയുന്നത്! മാത്രമോ ജൂതൻമാർ, അവരെ അടിച്ചമർത്തുന്നവരായും ഭീകരവാദികളായും ചിത്രീകരിക്കുന്നു.

ചൈനയിലെ മുസ്ലീംങ്ങളെ സംബന്ധിച്ചിടത്തോളം, ബുദ്ധഭരണ വ്യവസ്ഥയുടെ ഇരകളായി തീർന്നിരിക്കുന്നു. കുറച്ച് വർഷങ്ങൾക്കുമുമ്പ് ചൈനയുടെ വടക്ക് പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന സിൻജിയാംഗ് എന്ന സ്ഥലത്തെ ചെറുപ്പക്കാരായ മുസ്ലീംങ്ങളോട്, റമദാൻ മാസത്തിൽ നോമ്പ് അനുഷ്ഠിക്കുവാൻ പാടില്ലായെന്നു നിഷ്ക്കർഷിക്കുകയുണ്ടായി. അവരുടെ വ്യതം അവസാനിപ്പിക്കുവാൻ ഭക്ഷണംപോലും അവർ കൊണ്ടുവന്നു. ഈ നടപടികളിലൊക്കെ എവിടെയാണ് മനുഷ്യാവകാശം കുടികൊള്ളുന്നത് ? ഏറ്റവും മോശമായ അനീതികൾ നടമാടുന്നത് ശക്തിദുർഗ്ഗങ്ങൾ എന്ന് പറയപ്പെടുന്ന വലിയ രാജ്യങ്ങളിലാണ്. കഴിവില്ലാത്തവന്റെ മേൽ, ഇതിന്റെ നേതാക്കന്മാർ എന്താണോ ആഗ്രഹിക്കുന്നത്, അത് നടത്തുന്നു. അവർ അവരുടെ രാജ്യങ്ങൾ ആക്രമിക്കുന്നു. അവരുടെ ധനത്തിന്റെ മേൽ കുത്തകവകാശം സ്ഥാപിക്കുന്നു. നിരപരാധികളെ കൊന്നൊടുക്കുന്നു; സ്ത്രീകളെ ആക്രമിക്കുന്നു; മാതാക്കളിൽ നിന്നും അവരുടെ സന്താനങ്ങളെ അകറ്റുന്നു. നഗരങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും ബോംബ് വർഷിക്കുന്നു. രാജ്യത്ത് വസിക്കുന്നവരുടെ മേൽ യുദ്ധം വിതയ്ക്കുന്നു. മുസ്ലീങ്ങൾക്കിടയിൽ ശത്രുതയുടെ തീജ്വാല കത്തിക്കുന്നു. സമാധാനത്തിന്റെ പേരിലാണ് അവർ ഇതെല്ലാം ചെയ്യുന്നത്. ഭീകരവാദം ഇല്ലായ്മചെയ്യാൻ എന്ന പേരിൽ!

വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു **"ആ നാട്ടുകാർ (അവിടുത്തെ നിവാസികൾ) അക്രമം പ്രവർത്തിച്ചപ്പോൾ നാം അവരെ നശിപ്പിച്ചു. അവയുടെ നാശത്തിന് നാം ഒരു നിശ്ചിത സമയം വച്ചിട്ടുണ്ടായിരുന്നു."** (18:60)

**"പട്ടണങ്ങൾ അക്രമികളായിരിക്കെ നിന്റെ നാഥൻ അവയെ പിടിച്ചു ശിക്ഷിക്കുമ്പോൾ, ഇപ്രകാരം തന്നെയാണ് നിന്റെ നാഥന്റെ പിടുത്തം. തീർച്ചയായും അവന്റെ പിടുത്തം വേദനാജനകവും കഠിനവുമാണ്."** (11:103)

ഒരു പ്രദേശത്തെയും അവിടുത്തെ ജനതയേയും അല്ലാഹു എങ്ങനെയാണ് നാശത്തിലേക്ക് കൊണ്ട് എത്തിക്കുന്നതെന്ന് നാം കാണുന്നു. അത് അവൻ അനീതി പ്രവർത്തിക്കുന്നവനായതുകൊണ്ടല്ല. മറിച്ച്, ജനങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രത്യാഘ്യാതമെന്തെന്ന് മനസ്സിലാക്കുവാനും ലോകത്തിന് ഒരു ഗുണപാഠമായും ഭവിക്കുന്നതിനുവേണ്ടിയുമാണ് ! ജനങ്ങൾക്ക് സ്വതന്ത്രമായ ഇച്ഛാശക്തി ദൈവം നൽകിയിരിക്കുന്നു. അവർ സ്വയം വിധി എഴുതട്ടെ, അവർ സ്വയം അംഗീകാരം നൽകട്ടെ, അവർ സ്വയം ശിക്ഷിക്കട്ടെ ! അവർ ചെയ്ത പ്രവർത്തനങ്ങൾക്കും ഉദ്ദേശങ്ങൾക്കുമനുസരിച്ച് !

ഒരു ദൈവദൂതന്റെ വരവോടെ, അനേകം കാര്യങ്ങൾ സംഭവിച്ചതായി നാം കാണുന്നു. അത് ദേശീയ തലത്തിലാകാം, അന്താരാഷ്ട്രതലത്തിലാകാം. ലോകത്ത് സംഭവിക്കാൻ പോകുന്ന വിപത്തുകളെക്കുറിച്ച് ഈ വിനീതന്, അല്ലാഹു (ത) നേരത്തെതന്നെ വെളിപാടുകൾ നൽകിയിട്ടുള്ളതാകുന്നു. വളരെ ദുഃഖത്തോടെ നാം സാക്ഷ്യം വഹിച്ചതാണ്. നേപ്പാളിൽ ഉണ്ടായ ഭൂകമ്പം, 7.8 രേഖപ്പെടുത്തിയ ഭൂകമ്പം നേപ്പാളിലും, ഇന്ത്യയുടെ ചിലഭാഗങ്ങളിലും നാശം വിതച്ചു. 8000 പേർ മരണപ്പെട്ടതായി ഔദ്യോഗിക കണക്ക് പറയുന്നുവെങ്കിലും പതിനായിരത്തലധികം പേർ ഈ സംഭവത്തിൽ മരണപ്പെട്ടിട്ടുണ്ടാകാമെന്ന് ഊഹിക്കുന്നു.

ഇറ്റലിയിലേക്ക് കുടിയേറിപാർക്കാൻ പോയ ഒരു ബോട്ട് മുങ്ങിയതുമൂലം 800 - ഓളം പേർ മരണപ്പെട്ടു. 2015 മാർച്ച് 19നും ഏപ്രിൽ 17നും മദ്ധ്യേ യമനിലെ ആഭ്യന്തര യുദ്ധത്തിൽ 944 പേർ മരണപ്പെട്ടതായും 3487 പേർക്ക് മുറിവുപറ്റിയതായും കണക്കുകൾ പറയുന്നു. പട്ടാളക്കാരും സാധാരണ ആളുകളും ഇതിൽ ഉൾപ്പെടുന്നു. സൗത്ത് ആഫ്രിക്കയിൽ, വിദേശികൾക്കെതിരിലുള്ള അക്രമം വ്യാപകമായിരിക്കുകയാണ്. ദേശീയ തലത്തിൽ മൗറീഷ്യസ് മുൻ പ്രധാനമന്ത്രി രാംഗുലാമിന്റെ കേസിൽ ധനാപഹരണ കേസിൽ, ഇറ്റലിയിലെ ലേബർപാർട്ടിയിലെ ഒരു ഏജന്റിനെ, രാംഗുലാമിന്റെ അടുത്ത സഹകാരിയായ നന്ദനീസുർനാക്കിനെയും അറസ്റ്റ് ചെയ്യുകയുണ്ടായി.

അതുപോലെ - ബൈ ബ്രാമർ കേസ് - ബ്രൈ ബ്രാമർ കേസിനെ ഞാൻ നോക്കി കാണുന്നത് അതൊരു രാഷ്ട്രീയ തർക്കം എന്ന നിലയിലാണ്. നാലായിരം മുതൽ അയ്യായിരം കുടുംബങ്ങൾ വരെ ഇതു

മൂലം പ്രയാസമനുഭവിക്കേണ്ടി വരും എന്ന യാഥാർത്ഥ്യം നാം മറക്കരുത്. ബൈ കേസിനെ പൊൻസി പദ്ധതിയിൽ ചേർക്കുന്നതിന് ഗവൺമെന്റിന് ഒരു ന്യായീകരണവുമില്ല. യഥാർത്ഥത്തിൽ പൊൻസി പദ്ധതി എന്താണെന്ന് പ്രധാന മന്ത്രിക്കും ധനകാര്യ മന്ത്രിക്കും മനസ്സിലായിട്ടുണ്ടോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. പൊൻസി സ്കീമിന് ചതിയുടെ സാമ്പത്തിക ഘടനയാണുള്ളത്. പ്രാഥമികമായി മറ്റ് വരിക്കാർ നൽകിയിട്ടുള്ള തുക ധനകാര്യ സ്ഥാപനം വകമാറ്റി പൊൻസി സ്കീമിന് നൽകുന്നു. ഉദാഹരണത്തിന് നിങ്ങൾ ഒരു ലക്ഷം രൂപ ഒരു ധനകാര്യ സ്ഥാപനത്തിൽ നിക്ഷേപിക്കുന്നു. 15% പലിശ അവർ നൽകാമെന്ന വ്യവസ്ഥയിൽ ! ഓരോ മാസവും നിങ്ങൾക്ക് 15% പലിശ കിട്ടുമെന്ന് അറിയിക്കുന്നു. സ്ഥാപനം നിങ്ങൾക്ക് വേണ്ടി പലിശ നൽകുന്നത് മറ്റൊരു വരിക്കാരന്റെ രൂപയിൽ നിന്നുമാണ്. അയാൾക്ക് പലിശ കിട്ടുന്നത് മറ്റൊരാൾ നിക്ഷേപിച്ച തുകയിൽ നിന്നുമാണ്. അങ്ങനെ അത് തുടരുന്നു.

ബൈ ബ്രാമർ കേസിൽ, ഫൈനാൻസിയൽ സർവ്വീസ് കമ്മീഷനും മൗറീഷ്യസ് ബാങ്കും സഹകരിച്ച് ഒരു തീരുമാനത്തിലെത്തി. അവരുടെ ബാങ്കിംഗ് ലൈസൻസ് റദ്ദാക്കി. ബാങ്കിംഗ് ആക്ട് 17 (3) പ്രകാരമാണിത് നടപ്പിലാക്കിയത്. ഈ ആക്ട് അനുസരിച്ച് ഒരു ബാങ്കിന്റെ പ്രവർത്തനം ബാങ്ക് റഗുലേറ്റർ റദ്ദാക്കിയാൽ – മരവിപ്പിച്ചാൽ ഏഴ് ദിവസത്തിനകം പ്രസ്തുത ബാങ്ക് അപ്പീൽ നൽകേണ്ടതാണ്. അതിന്മേൽ തീരുമാനമെടുക്കുവാൻ മൗറീഷ്യസ് ബാങ്കിന് 14 ദിവസത്തെ സമയമുണ്ട്. ബാങ്ക് ലൈസൻസ് റദ്ദാക്കാൻ തന്നെയാണ് തീരുമാനമെങ്കിൽ ആയത് ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. മൂന്ന് പത്രങ്ങളിൽ ഇത് സംബന്ധമായ വാർത്ത നൽകേണ്ടതുമാണ്. ഗവൺമെന്റ് കൈകാര്യം ചെയ്യുന്ന ഇവകൾക്ക് വളരെ വലിയ അനന്തരഫലങ്ങൾ ഉളവാക്കുവാൻ കഴിയുന്നതാണ്. ഇത് ഒരു സാമ്പത്തിക കുറ്റമാണ്. ഒരു സംഘം ആളുകൾ സുസംഘടിതമായി ആസൂത്രിണം ചെയ്ത് നടപ്പിലാക്കുന്ന കാര്യമാണ്. ബായ് ബ്രാമർ കേസിൽ ഗവൺമെന്റിന്റെ പ്രതികാര നടപടിയാണിത്. ബായും ബ്രാമറും ഇല്ലായ്മചെയ്യുവാൻ അവർ ആഗ്രഹിക്കുന്നു. കാരണം ഈ രണ്ട് കമ്പനികളിലും ഉൾപ്പെട്ടിട്ടുള്ളത് മുസ്ലീംങ്ങളാണ്. അതിന്റെ വലിയ ബോസ് മുസ്ലീമായ ദാവൂദ് റവാത് ആണ്.

ബായ് ബാങ്കും ബ്രാമർ ബാങ്കും ഇല്ലായ്മ ചെയ്ത് പകരം ഒരു ദേശീയ കൊമേഴ്സ്യൽ ബാങ്ക് സ്ഥാപിക്കുവാൻ അവർ ആഗ്രഹിക്കുന്നു. പുതിയ ബാങ്കിലേക്ക് ഏതു പണമാണ് നിക്ഷേപിക്കേണ്ടത് ? അതാണ് ഗവൺമെന്റ് ? പ്രധാനമന്ത്രിയും രമേശ് ബസന്ത് റോയിയും പ്രതികരിക്കാഞ്ഞതെന്തേ ? എം.സി.ബി – എൻപിഎഫ് കേസിൽ പ്രതികരിച്ചതുപോലെ. അവ രണ്ടിനും ഇതേ നിലപാടുകളാണ് ഉണ്ടായിരുന്നത്. ആയതിനാൽ ഞാൻ ആവർത്തിച്ചു പറയുന്നു ബായ് ബ്രാമർ കേസ് ഒരു രാഷ്ട്രീയ പ്രതികാര നടപടിമാത്രമായിരുന്നു. ബറ്റാമക്സ് കേസും അതുപോലെ തന്നെയായിരുന്നു.

അവസര സമത്വം എവിടെയാണുള്ളത് ? ചോദിക്കാവുന്ന ഒരു ചോദ്യമാണിത്. ഇതൊരു പൊള്ളയായ മുദ്രാവാക്യമാണ്. ജനങ്ങൾക്ക് വേണ്ടി മന്ത്രിമാർ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് തിരിച്ചറിയുവാൻ കഴിയുന്ന കാര്യങ്ങളാണിത്. ഇത്തരം സംശയകരമായ അനേകം പദ്ധതികൾ ഉണ്ട്.

ഒരു കാര്യം എനിക്ക് പറയുവാൻ കഴിയും ലോകത്തെ ബാധിക്കുവാൻ പോകുന്ന പലവിധ മഹാവിപത്തുകളെക്കുറിച്ച് അല്ലാഹു (ത) എനിക്ക് വെളിപാടുകൾ നൽകിക്കൊണ്ടിരിക്കുകയാണ്. എനിക്ക് തീർച്ചയായും പറയുവാൻ കഴിയും, ലോകം വളരെ വലിയ കെടുതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്; അനേകം രാജ്യങ്ങളിൽ ഭൂകമ്പം വരാനിരിക്കുന്നു; വെള്ളപ്പൊക്കത്താൽ ആയിരങ്ങൾ മരണത്തെ അഭിമുഖീകരിക്കുന്നതാണ്. വിമാന ദുരന്തങ്ങളും അനേകം യുദ്ധങ്ങളും ബോംബ് വർഷവും വരാനിരിക്കുന്നു. അല്ലാഹു (ത) അവർക്ക് സന്ദേശം നൽകുന്നത് ലോകം ശ്രദ്ധിക്കുന്നില്ല. അതിക്രമവും, ചതിയും വളരെയധികം നഷ്ടം വരുത്തുന്നതാണ്. അധാർമ്മികത വ്യാപകമായിരിക്കുന്നു. പ്രതികാരവും പണ സമ്പാദനത്വരയും വ്യാപകമായിരിക്കുന്നു. അത്യാഗ്രഹം വളരെ പെട്ടെന്ന് പടർന്നു പിടിക്കുന്നു. കുടുംബങ്ങളും, മതങ്ങളും, ലോക സമൂഹങ്ങളും ഇതിൽ അകപ്പെട്ടിരിക്കുകയാണ്. സമാധാനത്തിനും സഹവർത്തിത്വത്തിനും പകരം അസമാധാനവും ശത്രുതയും പ്രയാസവും വ്യാപകമായിരിക്കുന്നു.

നിശ്ചയമായും നീതി മനോഹരമാണ്. നീതി ഇസ്ലാമിന്റെ അടയാളമാണ്. നീതി നമ്മുടെ ജീവിതത്തിൽ ഭരണം നടത്തുവാൻ നാം പോരാടേണ്ടതുണ്ട്. നമ്മുടെ കുടുംബത്തിൽ, നമ്മുടെ സമൂഹത്തിൽ, നമ്മുടെ മതത്തിൽ (ഇസ്ലാമിൽ) നമ്മുടെ രാജ്യത്ത്, ലോകത്ത് എല്ലായിടത്തും നീതിഭരണം സ്ഥാപിക്കണം. അനീതി യുടെ മുമ്പിൽ നാം നിശബ്ദരായിരിക്കരുത്. മറിച്ച് നമ്മുടെ പ്രിയങ്കരരായ മുഹമ്മദ് (സ) ന്റെ അധ്യാപന ങ്ങളെ പിൻപറ്റേണ്ടതാണ്. പ്രവാചകർ മൊഴിഞ്ഞു. **"നീതിമാനല്ലാത്ത ഭരണകർത്താവിന്റെ മുമ്പിൽ സത്യം പറയുക എന്നത് ഏറ്റവും വലിയ പോരാട്ടമാണ്."** (തിർമിദി)

അനീതി പരിഷ്കാരങ്ങളെ നാശത്തിലേക്ക് നയിക്കുന്നു. നീതിയെ സ്നേഹിക്കുന്ന രാജ്യത്തിന് അല്ലാഹു വിജയം പ്രദാനം ചെയ്യുന്നു. അത് ഇസ്ലാമിക രാജ്യമല്ലെങ്കിൽ പോലും അടിച്ചമർത്തുന്ന ഒരു രാജ്യ ത്തിന് അല്ലാഹു വിജയം നൽകുകയില്ല, അതൊരു ഇസ്ലാമിക രാജ്യമായാൽപോലും.

എല്ലാ ഏകാധിപതികളും, അടിച്ചമർത്തുന്ന ഭരണകർത്താക്കളും, തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കട്ടെ ! എന്നിട്ട് അനീതി അവസാനിപ്പിക്കട്ടെ ! അവർ വളരെ താമസിച്ചിരിക്കുന്നു! അടിച്ചമർത്തപ്പെട്ട വരെ കുറിച്ച് വിലകുറച്ച് കാണാതിരിക്കുക; തന്റെ മുമ്പിൽ അവർ ദുർബലരായിരിക്കാം. കാരണം ഇപ്പോൾ അവന്റെ കയ്യിൽ ശക്തിയുണ്ട്. ! ഈ ശക്തി പീഢിതനെതിരിൽ ഉപയോഗിച്ചാൽ, അത് അവന്റെ ഭരണ ത്തിന്റെ അന്ത്യമായിരിക്കും. മൂന്ന് വിഭാഗം ആളുകളുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടാതിരിക്കില്ല. വ്റതാ നുഷ്ഠാനം നടത്തുന്നവന്റെ പ്രാർത്ഥന, അവൻ വ്റതം അവസാനിപ്പിക്കുന്നതുവരെ, നീതിമാനായ ഭരണ കർത്താവിന്റെ പ്രാർത്ഥന, പീഢിതന്റെ പ്രാർത്ഥന. ഇവരുടെ പ്രാർത്ഥനകൾ അല്ലാഹു (ത) ഉപരിലോക ത്തേക്ക് ഉയർത്തുകയും, സ്വർഗ്ഗവാതിൽ അവർക്കായി തുറക്കപ്പെടുകയും ചെയ്യുന്നു എന്ന് പറയുന്നു. **"എന്റെ പ്രതാപത്തെക്കൊണ്ട് സത്യം, ഞാൻ നിങ്ങളുടെ സഹായത്തിനെത്തുക തന്നെചെയ്യും. താമസി ച്ചാൽപോലും!"** (തിർമിദി)

ആയതിനാൽ ജാഗ്രതയിലായിരിക്കുക. ഈ വിനീതനിലൂടെ അല്ലാഹു (ത) നിങ്ങൾക്ക് നൽകുന്ന സന്ദേശത്തെ അനുസരിക്കുക. ഏകനായ ദൈവത്തിലേക്ക് തിരിയുക. പരമോന്നതനായവൻ. നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുക ! അവിടെ ദൈവത്തിന്റെ ഏകത്വം തിളങ്ങട്ടെ ! അല്ലാഹുവിനെ അവിടെ കുടിയിരുത്തുക. അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹ് ഈ ദിക്ക്റുകൾ മുഴങ്ങട്ടെ ! ആ ദിക്ക്റുകൾ നാവിൽ നിന്നും മാത്രമാകരുത്. ഹൃദയത്തെ അടക്കിവാഴുന്ന ചെറുവിഗ്രഹങ്ങളെ നീക്കം ചെയ്യുക. എന്നിട്ട് അവിടെ ലാഇലാഹ ഇല്ലല്ലാഹ് കൊണ്ട് നിറയ്ക്കുക. ഇന്നത്തെ ഈ സന്ദേശം നിങ്ങൾക്ക് അനുഗ്രഹമായി രിക്കട്ടെ ! കാര്യങ്ങൾ നിങ്ങൾക്കവൻ മനസ്സിലാക്കി തരട്ടെ ! ഇൻശാ അല്ലാഹ്. ആമീൻ!.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************